# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.954** **30.11.2018 ലെ മറുപടി**

## കിള്ളിയാർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) പുതുവർഷത്തിന് മുമ്പ് കിള്ളിയാർ സമ്പൂർണ്ണമായി ശുചീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കരമന, കിള്ളിയാർ എന്നിവ മാലിന്യ മുക്തമാക്കുന്നതിന്റെ ഭാഗമായി മുൻ ചീഫ് സെക്രട്ടറി 28/12/2017- ൽ നടത്തിയ മീറ്റിംഗിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നീ വകുപ്പുകൾ സംയുക്തമായി തയ്യാറാക്കിയ കൺസപ്റ്റ് പ്ലാൻ അംഗീകരിച്ചു. |
| (ബി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്? | തുടർന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ഏജൻസി മുഖേന തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് നഗര പ്രദേശത്തു കൂടി പോകുന്ന നദിയുടെ ഇരുകരകളിലും 250 മീറ്റർ ദൂരത്തിലുള്ള വീടുകളുടേയും, മറ്റു സ്ഥാപനങ്ങളുടേയും വിവരങ്ങൾ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് വഴി ശേഖരിക്കുകയും സാനിട്ടേഷൻ സർവ്വേ നടത്തുകയും ചെയ്തു. പ്രസ്തുത സാനിട്ടേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ട്. |

കരമന, കിള്ളിയാർ ഇവ മാലിന്യമുക്തമാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി 31.10.2018 ലെ ജി.ഒ(എം.എസ്)57/2018/ജവിവ നമ്പർ ഉത്തരവ് പ്രകാരം ജലവിഭവ വകുപ്പ് ഒരു ടെക്നിക്കൽ കമ്മിറ്റിയ്ക്ക് (Technical Committee) രൂപം നൽകിയിട്ടുണ്ട്.

ടെക്നിക്കൽ കമ്മിറ്റി ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**